"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ബാലരാമപുരം ഗ്രാമപഞ്ചായത്ത് ആഫീസിലെ ഫുൾടൈം സ്വീപ്പർ ശ്രീ. സജികുമാർ.ഡി യുടെ ഭാര്യയുടെ തിരുവനന്തപുരം കിംസ് ആശുപത്രിയിലെ ചികിത്സ ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1454/2026/LSGD തീയതി06-08-2026, തിരുവനന്തപുരം

---

പരാമർശം:-

1. 11.07.2012 ലെ 24623/2/2012/H&FWD നമ്പർ സർക്കുലർ.
2. 28.12.2017 -ലെ G.O.(P)No.83/2017/ H&FWD നമ്പർ ഉത്തരവ്.
3. ശ്രീ സജികുമാർ.ഡി യുടെ 13.01.2022 ലെ അപേക്ഷയും ബില്ലുകളും.
4. ബാലരാമപുരം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 10.12.2021 ലെ 5(33)-ാം നമ്പർ തീരുമാനം.
5. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 17.11.2025 ലെ MR.5/24189/2025/DHS നം കത്ത്.
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 18-12-2025 ലെ LSGD/PD/6707/2023-DEG1 നം കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ ഫുൾ ടൈം സ്വീപ്പർ ആയ ശ്രീ സജികുമാർ.ഡിയുടെ ഭാര്യയുടെ വൃക്ക സംബന്ധമായ ചികിത്സയ്ക്കായി തിരുവനന്തപുരം കിംസ് ആശുപത്രിയിൽ ചെലവായ 18,55,521/- രൂപ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ, അനുബന്ധരേഖകൾ സഹിതം പരാമർശം (6) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

2). ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരാമർശം (5) ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന്

ചികിൽസായിനത്തിൽ ചെലവായ തുകയിൽ 5,24,707/- രൂപയുടെ 80% തുകയായ 4,19,765/- രൂപ (നാല്പ ലക്ഷത്തി പത്തൊൻപതിനായിരത്തി എഴുന്നൂറ്റി അറുപത്തി അഞ്ച് രൂപ മാത്രം) മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പ്രസ്തുത തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം ബാലരാമപുരം ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ ഫുൾ ടൈം സ്വീപ്പർ ആയ ശ്രീ സജികുമാർ.ഡി എന്നവരുടെ ഭാര്യയുടെ ചികിത്സയ്ക്കായി 02/01/2019 മുതൽ 15/08/2020 വരെ തിരുവനന്തപുരം കിംസ് ആശുപത്രിയിൽ ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ചിട്ടുള്ള 5,24,707/- രൂപയുടെ 80% ശതമാനം ആയ 4,19,765/- രൂപ (നാല്പ ലക്ഷത്തി പത്തൊൻപതിനായിരത്തി എഴുന്നൂറ്റി അറുപത്തി അഞ്ച് രൂപ മാത്രം) നിലവിലെ KGSMA ചട്ടം, 1960 - ലെ വ്യവസ്ഥകൾക്കും, പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം, സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിലും, ടിയാൾ പ്രസ്തുത ചികിത്സയ്ക്ക് IFMA എടുത്തിട്ടില്ലെന്ന് ഉറപ്പുവരുത്തിയും, ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.കെ അനിൽ ജോയ്

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ശ്രീ സജികുമാർ.ഡി, ഫുൾ ടൈം സ്വീപ്പർ, ബാലരാമപുരം ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ല (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
ധനകാര്യ വകുപ്പ് (18.4.2026 ലെ DEV-2/34/2026/ധന റിമാർക്സ്).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (EPA3/103/2022-LSGD).

ഉത്തരവിൻ പ്രകാരം

Digitally signed by
Noushad. S
Date: 06-08-2026
14:32:56

സെക്ഷൻ ഓഫീസർ